ഉറിയടി
-----------

അടി കപ്യാരെ കൂട്ടമണി എന്ന ചിത്രത്തിനു ശേഷം ജോൺ വർഗീസ് /എ ജെ വർഗീസ് സംവിധാനം ചെയ്തു പുറത്തിറങ്ങിയ ഏറ്റവും പുതിയ ചിത്രം ആണ് ഉറിയടി... പ്രതിഭാധനരായ ഒരുപാട് സീനിയർ നടന്മാരെ കൊണ്ട് സമ്പന്നമാണ് ചിത്രം..

തിരുവനന്തപുരം പാളയത്തെ ഒരു പോലീസ് ക്വാർട്ടേഴ്സിന്റെ പശ്ചാത്തലത്തിൽ ആണ് കഥ നടക്കുന്നത്... സർവീസിൽ ഉള്ള പോലീസുകാരും, റിട്ടയർ ആകാൻ പോകുന്നവരും, സസ്‌പെൻഷനിൽ ആയവരും ആയി ഒരു പാട് പേർ താമസിക്കുന്ന ക്വാർട്ടേഴ്സിൽ അവരുടെ യൂണിയന്റെ നേതൃത്വത്തിൽ ഓണം ആഘോഷിക്കാൻ തീരുമാനിക്കുന്നു... ഓണാഘോഷത്തിന്റെ തിരക്കിനിടയിൽ അവിടെ ഒരു മോഷണം നടക്കുകയും അത് പോലീസ് ഡിപ്പാർട്മെന്റിന് മുഴുവൻ അപമാനം ആകുകയും തുടർന്നുള്ള സംഭവങ്ങളുമാണ് ചിത്രം പറയുന്നത്..

ശ്രീനിവാസൻ, സിദ്ധിഖ്, ഇന്ദ്രൻസ്, ബൈജു, അജു വർഗീസ്, മാനസ, സുധികോപ്പ, ബിജുക്കുട്ടൻ, ശ്രീജിത്ത് രവി,പ്രേംകുമാർ തുടങ്ങിയവർ ആണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്..

ചെറിയ ചെറിയ തമാശകൾ ചിത്രത്തിൽ അങ്ങിങ്ങായി ഉണ്ടെങ്കിലും ആ തമാശ രംഗങ്ങൾക്ക് ഒന്നും ചിത്രത്തിന്റെ കഥാസന്ദർഭങ്ങളുമായോ, അവസാന രംഗങ്ങളുമായോ , ചിത്രത്തിന്റെ പ്രധാന ആശയവുമായോ എടുത്തു പറയത്തക്ക ബന്ധവും തോന്നിപ്പിക്കാൻ സംവിധായകന് കഴിയാതെ പോയത് ചിത്രത്തിന്റെ വലിയൊരു പോരായ്മ ആണ്...

സമൂഹത്തിലും രാഷ്ട്രീയത്തിലും മാധ്യമരംഗത്തും ഇന്നു നാം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന പലതിനെകുറിച്ചും ഉള്ള ആക്ഷേപങ്ങൾ ഹാസ്യരൂപേണ അവതരിപ്പിക്കാൻ ശ്രമിക്കുന്ന ചിത്രം പലപ്പോഴും പരാജയപെട്ടു പോകുന്നുണ്ട്... സമൂഹത്തിനോട് സിനിമയിലൂടെ പറയാനുള്ള കാര്യങ്ങൾ ശ്രീനിവാസനിലൂടെ ആകുമ്പോൾ കൂടുതൽ സ്വീകാര്യമാവും എന്നുള്ള സംവിധായകന്റെ ബോധ്യം അവസാന രംഗങ്ങളിൽ പ്രകടമാണ്...

ഓർമയിൽ തങ്ങിനിൽക്കുന്നതോ ആസ്വാദ്യകരമായതോ ആയ ഒരു ഗാനം പോലും ചിത്രത്തിൽ ഇല്ല... ഓണാഘോഷത്തിന്റെ പശ്ചാത്തലത്തിൽ വരുന്ന ഗാനത്തിനൊന്നും പ്രേക്ഷകനിൽ യാതൊരു

ഇമ്പാക്റ്റും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല...

അപ്രസക്തമായ, അലസമായ തമാശ വഴികളിലൂടെ സഞ്ചരിച്ചിരുന്ന ചിത്രം രണ്ടാം പകുതിയുടെ അവസാനത്തോടെ പൊടുന്നനെ ഒരു ത്രില്ലർ സ്വഭാവം കൈവരിക്കുന്നുണ്ട്.. അനാവശ്യമായി തിരുകികയറ്റിയ, യാതൊരു പ്രസക്തിയുമില്ലാത്ത കുറെ രംഗങ്ങൾ ഒഴിവാക്കി പ്രധാന ആശയത്തിൽ കുറച്ചുകൂടെ ശ്രദ്ധ കൊടുത്തിരുന്നെങ്കിൽ കണ്ടിരിക്കാവുന്ന ഒരു ത്രില്ലർ ചിത്രം ആയി മാറിയേനെ ഉറിയടി...

എല്ലാ സിനിമകളും തീയേറ്ററിൽ പോയി തന്നെ കാണും എന്ന് വാശി ഉള്ളവർക്ക് ഒരു തവണ കാണാം...

By Arjun Anand